# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4226 25/06/2014 ൽ മറുപടിയ്ക്ക്

## പട്ടികജാതി വകുപ്പിന്റെ കീഴിൽ മോഡൽ ഐ.ടി.സി. കൾ

| ചോദ്യം<br>ശ്രീ. ചിറയം ഗോപകുമാർ | | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | പട്ടികജാതി വകുപ്പിന്റെ കീഴിലുള്ള എത്ര ഐ.ടി.സി. കളെ മോഡൽ ഐ.റ്റി.സി. കളായി പ്രഖ്യാപിച്ചിട്ടുണ്ട്. | (എ) | വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ മര്യാപുരം, കൊല്ലം ജില്ലയിൽ കുളക്കട, ഓച്ചിറ, പത്തനംതിട്ട ജില്ലയിൽ പന്തളം, ഐക്കാട്, കോട്ടയം ജില്ലയിൽ എസ്.പി. കോളനി, തൃശ്ശൂർ ജില്ലയിൽ എങ്കക്കാട്, പാലക്കാട് ജില്ലയിൽ മംഗലം എന്നീ 8 ഐ.ടി.ഐ. കൾ MRITI കളാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഐ.ടി.സി. കൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നാളിതുവരെ എത്ര തുക ചെലഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ; | (ബി) | **മര്യാപുരം** -<br>ചെലവായ തുക - 158,73,709/-<br>**പന്തളം** -<br>ചെലവായ തുക - 123,73,844/-<br>**ഐക്കാട്**<br>ഭരണാനുമതി നൽകിയ തുക - 128.5 ലക്ഷം രൂപ<br>**എസ്.പി. കോളനി** -<br>പ്രവൃത്തി ഏറ്റെടുത്ത് ചെയ്യ PWD ആകെ ചെലവായി നിശ്ചയിച്ച തുക - 112,31,587/- രൂപ. ഇതിൽ 70,63,718/- രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്.<br>**എങ്കക്കാട്**-<br>കെട്ടിടം പണിയ്യായി 109.73 ലക്ഷം രൂപയ്യുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.<br>**മംഗലം** -<br>കെട്ടിടം പണിയ്യായി ആകെ 118 ലക്ഷം രൂപയ്യുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **ഓച്ചിറ-**<br>PWD നേരിട്ട് പ്രവൃത്തി ചെയ്യുന്നതിനാൽ വകുപ്പിൽ നിന്ന് ഭരണാനുമതി ഉത്തരവ് നൽകിയിട്ടില്ല.<br>**കളക്കട-** കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| (സി) | പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചതുൾപ്പെടെയുള്ള ഏതെല്ലാം സ്ഥലങ്ങളിൽ മോഡൽ ഐ.റ്റി.സി. കൾ ആരംഭിച്ചു; | (സി) | ഹോസ്റ്റൽ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ MRITI കൾ പ്രവർത്തനം തുടങ്ങിയിട്ടില്ല. |
| (ഡി) | മോഡൽ ഐ.റ്റി.സി. കൾക്കായി നിർമ്മിച്ച കെട്ടിടവും ആയത് സ്ഥിതി ചെയ്യുന്ന സ്ഥലവും മറ്റെന്തെങ്കിലും ആവശ്യങ്ങൽക്കായി മറ്റ് വകുപ്പുകൾക്ക്/ ഏജൻസികൾക്ക് കൈമാറിയിട്ടുണ്ടെങ്കിൽ ആയവയുടെ വിശദാംശങ്ങൾ അറിയിക്കുമോ ? | (ഡി) | മോഡൽ റസിഡൻഷ്യൽ ഐ.ടി.ഐ. കൾക്കായി നിർമ്മിച്ച കെട്ടിടവും ആയത് സ്ഥിതിചെയ്യുന്ന സ്ഥലവും മറ്റെന്തെങ്കിലും ആവശ്യങ്ങൾക്കായി മറ്റ് വകുപ്പുകൾക്ക്/ഏജൻസികൾക്ക് കൈമാറിയിട്ടില്ല. |

സെക്ഷൻ ഓഫീസർ